## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2180 | 01.02.2018 ൽ മറുപടിയ്ക്ക്

## വിപണന ശൃംഖല ആധുനികവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) |
| (എ) വിപണന ശൃംഖല ആധുനികവൽക്കരിക്കാനും, കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കാനും ലക്ഷ്യമിട്ട് സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം വിപുലീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഹോം ഡെലിവറി ഏർപ്പെടുത്താനും നഗരങ്ങളിൽ അത്യാധുനിക ഷോപ്പിംങ്ങ് മാളുകൾ പണിയുവാനും, സ്വന്തമായി ഗോഡൗണുകൾ പണിയുവാനും ഉള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (ബി) ഹോം ഡെലിവറി ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ആവശ്യമായ പഠനങ്ങൾ നടത്തിയതിനു ശേഷം മാത്രമേ പരിഗണിക്കുവാൻ കഴിയുകയുള്ളൂ. അനുയോജ്യമായ സ്ഥലം വാടകയ്ക്കോ പാട്ടത്തിനോ ലഭ്യമാകുകയാണെങ്കിൽ ഷോപ്പിംങ്ങ് മാളുകളും ഗോഡൗണുകളും നിർമ്മിക്കുന്ന കാര്യം പരിഗണിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) സപ്ലൈകോയുടെ വിൽപനശാലകൾ കൂടുതൽ ജനകീയമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | (സി) സപ്ലൈകോയുടെ വിൽപ്പനശാലകൾ കൂടുതൽ ജനകീയമാക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>പ്രതിമാസം ഏകദേശം 10 ലക്ഷത്തിനുമേൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ കുറഞ്ഞത് 1000 ച. അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിലേയ്ക്ക് മാറ്റി സൂപ്പർ മാർക്കറ്റുകളായി ഉയർത്തി പ്രവർത്തിച്ചു വരുന്നു. സ്ഥലകുറവ് ഉള്ള മാവേലി സ്റ്റോറുകളിൽ കൂടുതൽ സ്ഥല സൗകര്യം ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ കൃത്യമായി ലഭിക്കുന്നു എന്ന് |

ഉറപ്പാക്കാൻ എല്ലാ മാവേലി, സൂപ്പർ മാർക്കറ്റ് തലത്തിലും ഓരോ ഔട്ട് ലെറ്റും കേന്ദ്രീകരിച്ച് സാമൂഹ്യ പ്രവർത്തകരും, ജനപ്രതിനിധികളും സപ്ലൈകോയുടെ ഉദ്യോഗസ്ഥരും ഉൾപ്പെട്ട ഉപഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച്, പൊതുജനങ്ങൾക്ക് പരാതി അറിയിക്കാനും പരിഹരിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകളിൽ സ്ഥല ലഭ്യത അനുസരിച്ച് ഉപഭോക്താക്കൾക്ക് ആവശ്യമുള്ള നോൺ മാവേലി (FMCG) സാധനങ്ങൾ സ്വയം തെരഞ്ഞെടുക്കുന്നതിനുള്ള സംവിധാനവും വിൽപ്പനശാലകളിൽ നിന്ന് ലഭിച്ച സാധനങ്ങളുടെ ഗുണനിലവാരം തൃപ്തികരമല്ലെന്ന് ബോധ്യപ്പെട്ടാൽ ആയത് തിരികെ സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ